(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 419 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ മേഖലയിൽനിന്ന് 4000 കോടി രൂപ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ഈ വർഷം ഇനിയും 3581 കോടി രൂപ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും വിതരണം ചെയ്യുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. ടി പലിശ ഓരോ വർഷവും പരമാവധി 4 തവണകളായി സർക്കാർ ബന്ധപ്പെട്ട സഹകരണ സംഘത്തിന്/ബാങ്കിന് നൽകുന്നതാണ്.

വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യം

9 (*579) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കിയാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരും നബാർഡുമായി മുറപ്രകാരമുള്ള ധാരണാപത്രം ഒപ്പിടുന്നതിലൂടെ മാത്രമേ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പാക്കേജ് നടപ്പിലാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയുള്ളൂ. ധാരണാപത്രത്തിൽ വിവക്ഷിച്ചിട്ടുള്ള നിയമപരവും സ്ഥാപന പരവുമായ പരിഷ്ക്കാരങ്ങൾ നടപ്പാക്കാമെന്ന് സമ്മതിച്ചാൽ മാത്രമേ പാക്കേജ് നടപ്പാക്കാൻ കഴിയുകയുള്ളൂ. സാമ്പത്തിക സഹായം ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ധാരണാപത്രം ഒപ്പിട്ടാൽ പിന്നീട് അതിൽനിന്നും പിൻമാറാൻ കഴിയുന്നതല്ല. കേരളം ഇതുവരെയും നബാർഡും കേന്ദ്ര സർക്കാരുമായും പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തിന് യോജിച്ച തരത്തിലും സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചു കൊണ്ടും സഹകരണ മേഖലയ്ക്ക് ദോഷകരമാകാതെയും പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയാണെങ്കിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കാമെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

റിസർവ്വ് ബാങ്ക് അംഗീകാരമില്ലാത്ത സഹകരണ സ്ഥാപനങ്ങൾ വോട്ടവകാശമില്ലാത്ത അംഗങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാൻ പാടില്ലെന്നും 'ബാങ്ക്' എന്ന പദം രജിസ്റ്റർ ചെയ്ത പേരിനോടൊപ്പം ഉപയോഗിച്ചുകൂടാ എന്നതും മൂലധനപര്യാപ്തത ഉൾപ്പെടെയുള്ള പ്രൂഡൻഷ്യൽ നോംസ് ബാധകമാക്കുകയും സഹകരണ ബാങ്കുകളുടെ എല്ലാത്തരം പ്രവർത്തനങ്ങളും വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുക, സഹകരണ സ്ഥാപനങ്ങളുടെമേൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണ അധികാരങ്ങൾ ഏർപ്പെടുത്തുക, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള സംസ്ഥാന സർക്കാർ അധികാരം നിയന്ത്രിക്കുക, സാമ്പത്തിക വിഷയങ്ങളിലെ നിയന്ത്രണ ഉത്തരവുകൾ പിൻവലിക്കുക തുടങ്ങിയ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ വകുപ്പുമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുകയുമുണ്ടായി. തുടർന്ന് സംസ്ഥാന, കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥതല ചർച്ച 11-12-2009-ന് ഡൽഹിയിൽവച്ച് നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റിസർവ്വ് ബാങ്ക് നബാർഡ് പ്രതിനിധികളും പങ്കെടുത്തിരുന്നു. കേരളത്തിലെ സഹകരണ മേഖലയിലെ വർദ്ധിച്ച നിക്ഷേപ അടിത്തറ, മറ്റ് ബാങ്കിംഗ് ഇടപാടുകളിലെ സഹകരണ മേഖലയുടെ പങ്ക്, സർക്കാരിന്റെ വിവിധ പദ്ധതികൾ സാമൂഹ്യ പ്രതിബദ്ധതയോടെ ഏറ്റെടുത്ത് നടപ്പാക്കുന്ന സാഹചര്യം എന്നിവ കണക്കിലെടുക്കുമ്പോൾ പാക്കേജ് നടപ്പാക്കുന്നത് സംബന്ധിച്ചുള്ള കേരളത്തിന്റെ പ്രശ്നങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നുവെന്ന നിഗമനത്തിൽ യോഗം എത്തിച്ചേരുകയും, പാക്കേജ് നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ നബാർഡും കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നബാർഡിനെ യോഗം ചുമതലപ്പെടുത്തി. ഇക്കാര്യത്തിൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം നേടേണ്ടതുണ്ടെങ്കിൽ സംസ്ഥാന സർക്കാരുമായി ചർച്ച ചെയ്ത് ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് നബാർഡിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ധാരണാപത്രം ഒപ്പിടുന്നതിന് സംസ്ഥാന സർക്കാർ സന്നദ്ധമാണെങ്കിൽ ഒരു പ്രത്യേക കേസ് എന്ന നിലയിൽ കേരളത്തിൽ പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം നേടാമെന്നും യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. യോഗ തീരുമാനപ്രകാരം നബാർഡാണ് ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേക്കണ്ടത്. ആയതിനായി സംസ്ഥാന സർക്കാരും നബാർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നബാർഡ് ഇക്കാര്യത്തിൽ യാതൊരുവിധ നടപടികളും സ്വീകരിച്ചതായി അറിയില്ല.

കോൾനിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി

10 (*580) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. സി. മൊയ്തീൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ ;

(ബി) മെച്ചപ്പെട്ട നെൽവിത്തുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; ഇതിനായി എത്ര കോടി രൂപ അനുവദിച്ചു ;

(ഡി) കാർഷികമേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഇ) കഴിഞ്ഞ സീസണിൽ കോൾ നിലങ്ങളിലെ നെല്ലുൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) 2009-10 സാമ്പത്തിക വർഷത്തെ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിൽ നെൽക്കൃഷി വികസനത്തിന് 140.9184 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. 2000 ഹെക്ടറിൽ ഗുണമേന്മയുള്ള വിത്ത് വിതരണം, 5600 ഹെക്ടറിൽ കുമ്മായ വസ്തുക്കളുടെ വിതരണം, 760.67 ഹെക്ടറിൽ അധികവിള ഉൽപ്പാദനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി കൊണ്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്.